

SEETHI HAJI CENTRE
FOR CHARITIES

# EMPOWERING LIVES, ENHANCING HOPE



SCDTC
SEETHI HAJI CANCER DETECTION AND TREATMENT CENTRE

SDC
SEETHI HAJI DIALYSIS CENTRE

SEETHI HAJI CENTRE FOR CHARITIES

## വിഷൻ

നിർധനരും നിരാലംബരുമായ കാൻസർ, കിഡ്നി രോഗികൾക്ക് ആധുനികവും സൗജന്യവുമായ ചികിത്സ ഉറപ്പുവരുത്തുക.

## മിഷൻ

കാൻസർ, കിഡ്നി ചികിത്സാരംഗത്തെ പ്രഗൽഭരായ ഡോക്ടർമാരുടെയും അത്യന്താധുനിക മെഡിക്കൽ ഉപകരണങ്ങളുടെയും സഹായം പാവപ്പെട്ട കാൻസർ,കിഡ്നി രോഗികളുടെ  ചികിത്സക്കായി സൗജന്യമായി ലഭ്യമാക്കുക.





## About us

കേരളീയർക്ക് പരിചയപ്പെടുത്തലിന്റെ ആവശ്യമില്ലാത്ത ഉജ്ജ്വല വ്യക്തിതത്തിനുമയാണ് പി. സീതി ഹാജി. സ്വതസിദ്ധമായ ശൈലിയിലൂടെ കേരള രാഷ്ട്രീയത്തിൽ തന്റേതായ സിംഹാസനം പണിത ജനകീയ നേതാവ്. മികച്ച നിയമസഭാ സാമാജികൻ, കേരള ഗവൺമെൻറ് ചീഫ് വിപ്പ്, മനുഷ്യ സ്നേഹി അങ്ങനെ പലതുമായിരുന്ന സീതി ഹാജിയുടെ ഓർമ്മക്കായി അദ്ദേഹത്തിൻറെ മകനും രാഷ്ട്രീയ നേതാവും നിയമസഭാ സാമാജികനുമായ, പി കെ ബഷീർ എംഎൽഎയുടെ നേതൃത്വത്തിൽ 2008 ൽ തുടക്കം കുറിക്കപ്പെട്ട ട്രസ്റ്റാണ് സീതിഹാജി സെന്റർ ഫോർ ചാരിറ്റീസ്.

2008 മുതൽ ഈ ചാരിറ്റി സെൻററിന്റെ ചെയർമാനായി പ്രവർത്തിക്കുന്നത് പി കെ ബഷീർ എം എൽ എയാണ്.

---

## ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾ

ജീവകാരുണ്യ പ്രവർത്തന മേഖലയിൽ, പ്രത്യേകിച്ച് ആതുരസേവന രംഗത്ത് ഊന്നൽ നൽകിയാണ് സെൻറർ പ്രവർത്തിച്ചു വരുന്നത്. ഇതിനോടകം ഈ രംഗത്ത് നിരവധി ആളുകൾക്ക് സഹായം നൽകുവാൻ ട്രസ്റ്റിന് സാധിച്ചിട്ടുണ്ട്.

# സീതി ഹാജി കാൻസർ ഡിറ്റക്ഷൻ ആൻഡ് ട്രീറ്റ്മെൻറ് സെന്റർ

ഏതൊരു വ്യക്തിയെയും മാനസികവും ശാരീരികവും സാമ്പത്തികവുമായി തകർക്കുന്ന രോഗമാണ് കാൻസർ. 59ാം വയസ്സിൽ കാൻസറിന് കീഴടങ്ങേണ്ടി വന്ന സ്വന്തം പിതാവിന്റെയും 19-ാം വയസ്സിൽ അതേ രോഗത്തോട് പൊരുതി ഈ ലോകത്തോട് വിട പറയേണ്ടി വന്ന പ്രിയപ്പെട്ട മകളുടെയും ഓർമ്മകൾ പകർന്നു നൽകിയ പാഠങ്ങളാണ് സീതിഹാജി കാൻസർ ഡിറ്റക്ഷൻ ആന്റ് ട്രീറ്റ്മെന്റ് സെൻററ (SCDTC) തുടങ്ങാൻ പി.കെ. ബഷീർ MLA യെ പ്രചോദിപ്പിച്ചത്.

നിർധനരായ ക്യാൻസർ രോഗികൾക്ക് വിദഗ്ധ ചികിത്സ സൗജന്യമായി ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെയാണ് സീതി ഹാജി കാൻസർ സെൻററിന്റെ തുടക്കം.

ഗ്രാമീണ മേഖലയിൽ കമ്യൂണിറ്റി ഹെൽത്ത് സെന്റർ കേന്ദ്രീകരിച്ച് സർക്കാർ സഹകരണത്തോടെ ആരംഭിച്ച ആദ്യത്തെ അർബുദ ചികിത്സാ കേന്ദ്രമാണിത്. ഓങ്കോളജിസ്റ്റ് അടക്കം വിദഗ്ധ ഡോക്ടർമാരെ സർക്കാർ അനുവദിച്ചിട്ടുണ്ട്. ആയിരത്തിലധികം രോഗികൾക്ക് 20 ബെഡുകളിലായി ഓരോവർഷവും സൗജന്യമായി കീമോ തെറാപ്പി നൽകിവരുന്നു. ക്യാൻസർ ഒ.പി, സ്തനാർബുദം നിർണയിക്കാനുള്ള മാമോഗ്രാം ടെസ്റ്റ്, അൾട്രാ സൗണ്ട് സ്കാനിങ്, ഗർഭാശയ ക്യാൻസർ നിർണയിക്കുന്ന പാപ്സ്മിയർ ടെസ്റ്റ്, എക്സ്-റെ, ലാബോറട്ടറി, എഫ്.എൻ.എ.സി, കാരുണ്യ ഫാർമസി തുടങ്ങിയ സൗകര്യങ്ങളും ഇവിടെയുണ്ട്. ക്യാൻസർ സെന്റർ വിപുലീകരണത്തിന്റെ ഭാഗമായി റേഡിയേഷൻ യൂണിറ്റും പത്തോളജി ലാബും വൈകാതെ സജ്ജീകരിക്കാൻ ലക്ഷ്യമിടുന്നു.






# സീതി ഹാജി കാൻസർ സെന്ററിൽ ലഭിക്കുന്ന സേവനങ്ങൾ:



- ക്യാൻസർ സ്ക്രീനിംഗ്, പ്രാഥമിക നിർണയം
- ഓങ്കോളജിസ്റ്റ് കൺസൾട്ടേഷൻ
- ക്യാൻസർ കിമോതെറാപ്പി
- മാമോഗ്രാം
- അൾട്രാസൗണ്ട് സ്കാനിംഗ്
- എക്സ്-റേ
- പാപ്പ് സ്മിയർ ടെസ്റ്റ്
- എഫ്.എൻ.എ.സി ടെസ്റ്റ്
- ബയോപ്സി ടെസ്റ്റ്
- ക്യാൻസർ കൗൺസലിംഗ്
- പാലിയേറ്റീവ് കെയർ
- ക്യാൻസർ ബോധവൽക്കരണ, നിർണയ ക്യാമ്പുകൾ
- കാരുണ്യ ഫാർമസി
- KASP







# സീതിഹാജി ഡയാലിസിസ് സെന്റർ

കാൻസർ രോഗികളെപ്പോലെത്തന്നെ കഷ്ടതയനുഭവിക്കുന്നവരാണ്  കിഡ്നി രോഗികൾ. കിഡ്നി രോഗം ബാധിച്ച് ഡയാലിസിസിന് വിധേയമായിക്കൊണ്ടിരിക്കുന്ന രോഗികളുടെ എണ്ണം ദിനം പ്രതി വർധിച്ചു കൊണ്ടിരിക്കുകയാണ്.

പാവപ്പെട്ട  ഇത്തരം കിഡ്നി രോഗികളെ സഹായിക്കുക എന്ന ഉദ്ദേശത്തോടെ ഈ രംഗത്തേക്കും സീതി ഹാജി സെൻറർ ഫോർ ചാരിറ്റീസ് അതിന്റെ സഹായ ഹസ്തം നീട്ടുകയാണ്. ഇതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ 10 മെഷീനോട് കൂടി എടവണ്ണയിലും പിന്നീട് ഏറനാട് മണ്ഡലത്തിലെ വിവിധ കേന്ദ്രങ്ങളിലും സൗജന്യ ഡയാലിസിസ് കേന്ദ്രങ്ങൾ നിർമ്മിക്കുവാൻ പദ്ധതിയിട്ടിരിക്കുന്നു. എടവണ്ണ ഓർഫനേജ് കമ്മിറ്റിയുടെ കെട്ടിടത്തിലാണ് ആദ്യത്തെ ഡയാലിസിസ് സെൻറർ തുടങ്ങിയത്.

നമ്മുടെ നാട്ടിലെ പാവപ്പെട്ട രോഗികൾക്ക് ഈ സൗജന്യ ചികിത്സാ കേന്ദ്രങ്ങൾ വലിയ ആശ്വാസമാണ്. ഇതിന്റെ ദൈനംദിന നടത്തിപ്പിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും കീമോ തെറാപ്പി & ഡയാലിസിസ് പോലുള്ള ചികിത്സകൾക്കുമെല്ലാം ഭാരിച്ച ചെലവാണ് വരുന്നത്. ക്യാൻസർ, കിഡ്നി രോഗികൾ എത്ര സമ്പന്നരാണെങ്കിലും ചികിത്സാ ബാധ്യത കാരണം സമ്പാദ്യങ്ങളെല്ലാം ഇല്ലാതായി വഴിയാധാരമാകുന്നത് പതിവാണ്. സമ്പന്നരുടെ കാര്യം ഇങ്ങനെയാണെങ്കിൽ പാവപ്പെട്ടവർ അതിലേറെ പ്രയാസത്തിലേക്കും കടബാധ്യതകളിലേക്കും കൂപ്പുകുത്തുകയാണ് പതിവ്. ഈ യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ട് കൊണ്ടാണ് സീതി ഹാജി സെന്റർ ഫോർ ചാരിറ്റീസ് ഈ രണ്ട് മേഖലകളിലും ശ്രദ്ധ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നത്.

സുമനസ്സുകളുടെ പ്രാർത്ഥനയും സഹായവുമാണ് ഈ പ്രസ്ഥാനം മുന്നോട്ട് കൊണ്ടുപോകാനുള്ള മൂലധനം. താങ്കളുടെയും സ്ഥാപനത്തിന്റെയും അകമഴിഞ്ഞ സഹായവും സഹകരണവും പ്രതീക്ഷിക്കുന്നു.





സീതി ഹാജി സെന്റർ ഫോർ ചാരിറ്റീസ് AAHTS4900L23KC01 & AAHTS4900L23KC02 എന്ന രജിസ്ട്രേഷൻ നമ്പറിൽ 1961 ലെ ആദായനികുതി നിയമത്തിന്റെ യഥാക്രമം 12A, 80G പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. കൂടാതെ, കമ്പനികാര്യ മന്ത്രാലയത്തിന് കീഴിൽ CSR പ്രവർത്തനങ്ങൾ നടത്തുന്നതിനായി CSR00038157 എന്ന രജിസ്ട്രേഷൻ നമ്പറിലും 25-09-2022 ന് ഈ ട്രസ്റ്റ് രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. സർക്കാരിൽ നിന്നും സർക്കാരിതര സ്ഥാപനങ്ങളിൽ നിന്നും വിഭവസമാഹരണത്തിന് ആവശ്യമായ അനുമതിയും സീതി ഹാജി സെന്റർ ഫോർ ചാരിറ്റി എന്ന ഈ ട്രസ്റ്റ് നിയമ പ്രകാരം നേടിയിട്ടുണ്ട്.

കൂടാതെ പ്രതേകം തയ്യാറാക്കിയ മൊബൈൽ ആപ്പ് വഴിയും ധനസമാഹരണത്തിൽ പങ്കാളിയാവാം...!!


## BANK ACCOUNT DETAILS:

Account Name:
**SEETHI HAJI CENTRE FOR CHARITIES**
Account No: **0500073000000443**
Bank Name: **SOUTH INDIAN BANK**
Branch: **EDAVANNA**
IFSC: **SIBL0000500**




/SEETHI HAJI CENTRE

www.shcctrust.com



Reg. No: 233/2023/A
Seethi Haji Soudham, Edavanna - 676 541, Malappuram Dt. Kerala, India
Email: seethihajitrust@gmail.com

Trust is registered under 12A (AAHTS4900L23KC01) and 80G (AAHTS4900L23KC02) of the Income Tax Act, 1961. It is also registered with the MCA for CSR activities with Registration No. CSR00038157

Administrator
**Mr.Sahir Ali K**
aoscdtc@gmail.com
9947 38 20 29